"ഭരണഭാഷ – മാതൃഭാഷ"

നം: ബി(1)/16600/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 13-03-2014

# സർക്കുലർ-I

**വിഷയം** : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരുടെയും പൊതു സ്ഥലംമാറ്റം 2014-15 - സംബന്ധിച്ച്.

**സൂചന** : 1. സർക്കാർ ഉത്തരവ് (എം.എസ്.) നം. 2/2010/പൊ.വി.വ. തീയതി 02/01/10.
2. സർക്കാർ ഉത്തരവ് (എം.എസ്.) നം.20/2012/പൊ.വി.വ. തീയതി 20/01/12.

----------

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന ജില്ലാതല കോമൺ പൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ നിന്നും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരിൽ നിന്നും പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള നിർദ്ദിഷ്ട ഫാറത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

ജില്ലാതല കോമൺ പൂളിലുൾപ്പെട്ട അദ്ധ്യാപകർക്കും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർക്കുമാണ് ഈ സർക്കുലർ പ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷിക്കാനുള്ള യോഗ്യതയുള്ളത്. ഹൈസ്കൂൾ വിഭാഗത്തിലെ പ്രഥമാദ്ധ്യാപകർ അവർക്കു ലഭിച്ച അപേക്ഷകൾ സർവ്വീസ് പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിത തീയതിയ്ക്കകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതാണ്. എൽ.പി./യു.പി. എന്നിവ മാത്രമായിട്ടുള്ള സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ് പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നുണ്ടെങ്കിൽ അതിലേക്കുള്ള അപേക്ഷ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനായി നിലവിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ കോമൺ പൂളിലുള്ള അദ്ധ്യാപകരുടെ അപേക്ഷകൾ പരിശോധിച്ച് സ്ഥലംമാറ്റം നൽകേണ്ടത്.

കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരുടെയും പൊതു സ്ഥലംമാറ്റം നടത്തുന്നതിലേയ്ക്കുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷ പ്രധാനാദ്ധ്യാപകൻ സ്വീകരിക്കേണ്ട അവസാന തീയതി. | 22-03-2014 |
| 2 | പ്രൈമറി വിഭാഗം മാത്രമുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകരുടെയും സ്ഥലംമാറ്റ അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ട അവസാന തീയതി. | 22-03-2014 |
| 3 | ഹൈസ്കൂൾ വിഭാഗം പ്രധാനദ്ധ്യാപകരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ശേഖരിച്ച അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കുന്ന അവസാന തീയതി. | 25-03-2014 |
| 4 | അപേക്ഷ പരിശോധിച്ച് ഓരോ തസ്തികയുടെയും സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തീയതി. | 29-03-2014 |
| 5 | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി | തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം തീരുന്നമുറയ്ക്ക് തീയതി അറിയിക്കുന്നതാണ് |

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ (ട്രാൻസ്ഫർ ആന്റ് പോസ്റ്റിങ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.).
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എ1, എ3/ ബി2 സെക്ഷൻ.
6. കരുതൽ ഫയൽ.

പി.എസ്. 12-03-14